"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും വയനാട് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ ഉപയോഗിത്തിലിരിക്കുന്നതുമായ കെ.എൽ.12 ബി 5338 മഹീന്ദ്ര ജീപ്പിന് കണ്ടം ചെയ്യുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.204/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 25/01/2021

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 01.01.2020 ലെ PAN/24794/2018-G3(DP) നമ്പർ കത്ത്.
2 പൊതുമരാമത്ത് (സി) വകുപ്പിന്റെ 16.10.2019-ലെ സ.ഉ (കൈ) നം.45/2019/ പൊ.മ.വ.

ഉത്തരവ്

പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും വയനാട് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ ഉപയോഗിത്തിലിരിക്കുന്നതുമായ കെ.എൽ.12 ബി 5338 മഹീന്ദ്ര ജീപ്പിന് കാലപ്പഴക്കം കാരണം നിരന്തരം അറ്റകുറ്റപണികൾ നടത്തേണ്ടിവരുന്നതിനാലും പെർമിറ്റ് കാലാവധി കഴിഞ്ഞതിനാൽ വാഹനത്തിൽ ഫിറ്റ്നസ് ടെസ്റ്റ് നടത്തുന്നത് ലാഭകാരമല്ലാത്തതിനാൽ പ്രസ്തുത വാഹനം കണ്ടം ചെയ്യുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും ഇപ്പോൾ വയനാട് ഡെപ്യൂട്ടി ഡയറക്ടർ ഉപയോഗിക്കുന്നതുമായ കെ.എൽ.12 ബി 5338 മഹീന്ദ്ര ജീപ്പിന് കോഴിക്കോട് മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അൺ എക്കണോമി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളതിനാൽ പരാമർശം (2) -ൽ നിഷ്കർഷിക്കും പ്രകാരം വാഹനം കണ്ടം ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരാവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എ
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള.

സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം.

ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ)വകുപ്പ്.

പൊതുമരാമത്ത് (സി)വകുപ്പ്.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(EPA3/120/LSGD/2020)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ